# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ദേശീയ സഹകരണ വികസന കോര്‍പ്പറേഷന്റെ സഹായം**

5230

ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍
,, എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ സഹകരണ വികസന കോര്‍പ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പദ്ധതികള്‍ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) 2011-2012 സാമ്പത്തിക വര്‍ഷം എന്‍.സി.ഡി.സി.യില്‍ നിന്ന് എത്ര തുകയുടെ സഹായം ലഭ്യമാക്കാന്‍ സാധിച്ചു; വ്യക്തമാക്കുമോ;

(സി) എന്‍.സി.ഡി.സി. യുടെ സഹായത്തോടെ നടപ്പു സാമ്പത്തിക വര്‍ഷം ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായം**

5231 ശ്രീ. പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ സഹകരണ മേഖലയുടെ വികസനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം ധനസഹായങ്ങൾ കോർപ്പറേഷൻ നൽകുകയുണ്ടായി; വിശദാംശങ്ങൾഎന്തെല്ലാം;

(സി) സംസ്ഥാനത്തെ സംസ്കരണ യൂണിറ്റുകൾക്കും പീഡിത സംസ്കരണ യൂണിറ്റുകൾക്കും എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയത്; വിശദമാക്കുമോ?

**കേരള നിയമസഭ**

**05.07.2012 -ലെ മറുപടിക്ക്**

**ഐ. സി. ഡി. പി. പദ്ധതി**

**5232** **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്താൽ നടപ്പാക്കി വരുന്ന ഐ. സി. ഡി. പി. പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ആണ് നടപ്പിലാക്കി വരുന്നത് ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി അടുത്തതായി ഏതെല്ലാം ജില്ലകളിൽ കൂടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) അടുത്തതായി ഐ. സി. ഡി. പി. പദ്ധതിയിൽ പാലക്കാട് ജില്ലയെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആർ. ഐ. ഡി. എഫ്. സഹായ പദ്ധതി**

5233

ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര
ണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ആർ. ഐ. ഡി. എഫ്. സഹായ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;**

(ബി) **സഹകരണ മേഖലയിലെ ശാക്തീകരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;**

(സി) **ഈ പദ്ധതികൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഫീസ് ഘടന**

5234 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2009-2010 വർഷത്തിലെ ഫീസ് ഘടന എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2012-2013 അദ്ധ്യായന വർഷത്തെ ഫീസ് ഘടന എന്തെന്ന് വിശദമാക്കുമോ ;

(സി) കേപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം; ഓരോ സ്ഥാപനങ്ങളിലും ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്; ഓരോ കോഴ്സുകളിലും എത്ര പേർക്കാണ് പ്രവേശനം നൽകുന്നത് ;

(ഡി) കേപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വേണ്ടത്ര അദ്ധ്യാപകരും മറ്റ് ജീവനക്കാരും ഇല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കേപിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

5235

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്) - ൽ സുപ്രധാന തസ്തികകളിൽ ആളുകളില്ലാത്തതിനാൽ കേപ് -ന്റെ പ്രവർത്തനം അവതാളത്തിലാകുന്നത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;**

(ബി) **ഡയറക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ഒന്നിച്ച് രാജിവച്ചുപോയ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ;**

(സി) **അനധികൃത നിയമനങ്ങൾക്കായി മന്ത്രി ഓഫീസ് നിർബന്ധിച്ചതു മൂലമാണ് ഉദ്യോഗസ്ഥർ കൂട്ടത്തോടെ രാജിവച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;**

(ഡി) **ഇതുവഴി ഭാവിയിൽ ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ;**

(ഇ) **ഉണ്ടെങ്കിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>ചെറുകിട കൃഷിക്കാർക്കും പാട്ടകൃഷിക്കാർക്കും വായ്പ</u>**

**5236 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുകിട കൃഷിക്കാർക്കും പാട്ടകൃഷിക്കാർക്കും വായ്പ നല്കുന്നതിന് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ വേണ്ടത്ര താല്പര്യം എടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഭവന വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ**

**5237 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നും ഭവന വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവർ ജപ്തി നടപടികൾക്ക് വിധേയരായി ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുടുംബങ്ങളെ സഹായിക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുമായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാകുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആശ്വാസ് പദ്ധതി**

**5238 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ആശ്വാസ് പദ്ധതിപ്രകാരം എത്രപേര്‍ വായ്പാ കുടിശ്ശിക തിരിച്ചടച്ചു;

(ബി) എത്ര തുക ഈ പദ്ധതിപ്രകാരം ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) വായ്പാ തിരിച്ചടച്ചവര്‍ക്ക് നല്കിയ അനുകൂല്യങ്ങള്‍ വ്യക്തമാക്കാമോ ;

(ഡി) ഈയിനത്തില്‍ എത്ര രൂപയാണ് ആനുകൂല്യമായി അനുവദിച്ചിട്ടുള്ളത് ;

(ഇ) വായ്പാ തിരിച്ചടയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികള്‍ പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദാംശങ്ങള്‍ നല്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**എന്റെ സംഘം - കാമ്പയിൻ**

5239 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എന്റെ സംഘം-കാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ;

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഓരോ അംഗത്തെയും സജീവ പങ്കാളിയാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കാമ്പയിൻ എന്നു മുതലാണ് നടപ്പിലാക്കിയത് ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>സഹകരണ മേഖല ശക്തിപ്പെടുത്തൽ</u>

5240 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര സഹകരണ വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സഹകരണ മേഖല ഊർജ്ജസ്വലമാക്കുവാൻ എന്തൊക്കെ കർമ്മപരിപാടികൾ ഈ വർഷം ആസൂത്രണം ചെയ്യുകയുണ്ടായി; വിശദമാക്കുമോ;

(ബി) ഇതിൽ എന്തൊക്കെ കർമ്മപരിപാടികൾ പ്രവർത്തിയിൽ കൊണ്ടു വരുവാൻ സാധിച്ചു ; എന്ന് വ്യക്തമാക്കുമോ;

(സി) വർഷാചരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ഈ വർഷം എത്ര സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം നൽകുവാനാണ് തീരുമാനിച്ചത്; ആയത് എത്ര കണ്ട് ലക്ഷ്യത്തിലെത്താൻ സാധിച്ചു; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഘങ്ങൾ മുഖേന എത്ര കോടി രൂപയുടെ കാർഷിക വായ്പ നൽകാനാണ് തീരുമാനിച്ചത്; ആയത് ഇതേവരെ എത്ര കോടി രൂപ നൽകിയെന്നും, ഇതിന്റെ ഫലമായി എത്ര കൃഷി ക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചെന്നും വ്യക്തമാക്കുമോ;

(ഇ) അന്താരാഷ്ട്ര സഹകരണ വർഷാചരണത്തിന്റെ ഭാഗമായി ഫാർമേഴ്സ് സെന്ററുകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുവാൻ സഹകരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എത്ര സെന്ററുകൾ തുറക്കാനാണ് തീരുമാനിച്ച തെന്നും അതിൽ എത്രയെണ്ണം തുറന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) ഇത്തരം സെന്ററുകളിലൂടെ കർഷകർക്ക് ഏതൊക്കെ തരത്തിലുള്ള പ്രയോജനം ലഭിക്കുമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ**

5241 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ; പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ; ഇതിന്റെ സാധ്യതകളെ കുറിച്ച് പഠിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കൊമേഴ്സ്യൽ ബാങ്കുകളെ അപേക്ഷിച്ച് സഹകരണ ബാങ്കുകൾ അഭിമുഖീകരിക്കുന്ന പോരായ്മകൾ എന്തെല്ലാമാണ്;

(സി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം ആധുനികവത്കരിക്കുകയും അതു വഴി എൻ.ആർ.ഐ അടക്കമുള്ള നിക്ഷേപങ്ങൾ ആകർഷിക്കാൻ ഉതകുന്ന കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സഹകരണ ബാങ്കുകളിൽ എ.ടി.എം**

**5242 ശ്രീമതി. കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകണ ബാങ്കുകളിൽ എ.ടി.എം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോ;

(സി) എ.ടി.എം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഏതൊക്കെ ബാങ്കുകളിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സഹകരണ രജിസ്ട്രാറിനു കീഴിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സഹകരണ സംഘങ്ങൾ**

5243

**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സഹകരണ രജിസ്ട്രാറിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ ഇപ്പോഴും കംപ്യൂട്ടർ ഏർപ്പെടുത്തിയിട്ടില്ലാത്ത എത്ര സംഘങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;**

(ബി) **എല്ലാ സഹകരണ സംഘങ്ങൾക്കും വെബ്സൈറ്റ് നിലവിൽ വന്നിട്ടുണ്ടോ;**

(സി) **വെബ്സൈറ്റ് നിലവിൽ വന്നിട്ടുള്ളതും കംപ്യൂട്ടർവൽക്കരിക്കുകയും ചെയ്തിട്ടുള്ള സഹകരണ വായ്പാ സംഘങ്ങളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>സര്‍ക്കാര്‍ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം</u>**

5244 ശ്രീ. സി.മോയിന്‍കുട്ടി
'' എം. ഉമ്മര്‍
'' അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാരുടെ സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ ഒരു വിലയിരുത്തല്‍ നടത്തുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) ഈ സംഘങ്ങളുടെ ദൈനംദിന പ്രവര്‍ത്തനങ്ങള്‍ക്ക് ഡ്യൂട്ടിയിലുള്ള സര്‍ക്കാര്‍ ജീവനക്കാരുടെ സേവനം വിട്ടുകൊടുക്കാന്‍ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കില്‍ ജീവനക്കാരുടെ സംഘങ്ങളില്‍ അത്തരം പ്രവര്‍ത്തന രീതി നടക്കുന്നുണ്ടോ എന്നകാര്യം പരിശോധിക്കുമോ;

(ഡി) സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനത്തിന് ആവശ്യമായ ജീവനക്കാരെ പ്രത്യേകം നിയമിക്കാനും, ജീവനക്കാര്‍ ഡ്യൂട്ടിസമയത്ത് സംഘത്തില്‍ സേവനം അനുഷ്ടിക്കുന്നത് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ജില്ലാ സഹകരണ ബാങ്കുകൾക്കു പ്രത്യേകം ലൈസൻസ്</u>

5245 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ജില്ലാ സഹകരണ ബാങ്കുകൾക്ക് പ്രത്യേകം ലൈസൻസ് ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ബാങ്കുകൾക്കാണ് ലൈസൻസ് ലഭിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രത്യേക ലൈസൻസ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിക്കാൻ ഈ ബാങ്കുകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ഡി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും റിസർവ്വ് ബാങ്കിന്റെ പ്രത്യേക ലൈസൻസ് ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ്**

**5246**

**ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൗസിംഗ് സഹകരണ സംഘങ്ങൾ അതിലെ അംഗങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് വസ്തുവിലയുടെ എത്ര ശതമാനം തുകയാണ് നിലവിൽ രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്;

(ബി) ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് വസ്തു രജിസ്ട്രേഷന് 2% രജിസ്ട്രേഷൻ എന്നത് ഉയർത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഏതെല്ലാം ഉത്തരവുകളുടെ അടിസ്ഥാനത്തിലാണിതെന്ന് വ്യക്തമാക്കുമോ;

(സി) ഹൗസിംഗ് സൊസൈറ്റികളെത്തന്നെ തകർക്കുന്ന രജിസ്ട്രേഷൻ ഫീസ് വർദ്ധന പിൻവലിച്ച് 2% എന്ന സമ്പ്രദായം തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>സഹകരണാടിസ്ഥാനത്തിൽ സംസ്ക്കരണ യൂണിയനുകൾ</u>**

5247 **ശ്രീ. ബെന്നി ബെഹനാൻ**
**,, എ. റ്റി. ജോർജ്**
**,, ജോസഫ് വാഴക്കൻ**
**,, കെ. അച്ചുതൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സഹകരണാടിസ്ഥാനത്തിൽ സംസ്ക്കരണ യൂണിയനുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;**

(ബി) **ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്;**

(സി) **ഏതെല്ലാം സഹകരണ ഏജൻസികളുടെ സഹായത്തോടെയാണ് ഈ യൂണിയനുകൾ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം**

5248 ശ്രീ. വി. ഡി. സതീശൻ
,, എം. എ വാഹീദ്
,, ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ
നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്ത് തുക വരെയുള്ള നിക്ഷേപങ്ങൾക്കാണ് ഈ പദ്ധതി അനുസരിച്ച് സുരക്ഷിതത്വം ലഭിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പലിശ നിരക്ക്</u>**

**5249** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ ; കുറച്ചത് ബാങ്കുകളുടെ പ്രവർത്തനത്തിന് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സ്വയം തൊഴിൽ, വിവാഹം, വിദ്യാഭ്യാസ വായ്പ, ഇ. എം. എസ്. ഭവന പദ്ധതി തുടങ്ങിയ വായ്പകളിലെ പലിശ നിരക്കിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സമ്പത്ത്**

**5250**

**ശ്രീ. റ്റി. യു. കുരുവിള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സമ്പത്ത് ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന സമ്പത്തിന്റെ ഒരു നിശ്ചിത ശതമാനം പലിശ കുറവിൽ കാർഷികവായ്പയും വിദ്യാഭ്യാസ വായ്പയും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>സഹകരണബാങ്കിന്റെ നിഷ്ക്രിയ ആസ്തി</u>

5251 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഇപ്പോൾ എത്രയാണ് ;

(ബി) നിഷ്ക്രിയ ആസ്തി കുറയ്ക്കാനും റബ്കോയുടെ കടം വീട്ടാനും ഉദ്ദേശിച്ച് ആസൂത്രണം ചെയ്ത സഹകരണസംഘങ്ങളുടെ കൺസോർഷ്യം വഴി എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചത് ; ആയത് വഴി എത്ര കോടി രൂപയാണ് ലഭിച്ചത് ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ എത്ര വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിട്ടുണ്ട് ; അവ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളെന്നുംഎത്ര കോടി രൂപ വീതമാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ;

(ഡി) സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി ലക്ഷ്യമിട്ടതെന്താണ്; കൂടാതെ സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറച്ചില്ലെങ്കിൽ വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>വിലക്കയറ്റം തടയാൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ</u>**

**5252**

**ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അവശ്യസാധനങ്ങളുടെയും പച്ചക്കറികളുടെയും വിലക്കയറ്റം തടയാൻ സഹകരണ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;**

(ബി) **ഹോട്ടലുകളിലെ അമിതമായ വിലവർദ്ധനവ് തടയാൻ സഹകരണ വകുപ്പിന്റെ കീഴിൽ ന്യായവില ഹോട്ടലുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**കാപ്പി പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് ലഭിക്കാനുള്ള തുക**

5253 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാപ്പി പാക്കേജിന്റെ ഭാഗമായി വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് ബജറ്റിൽ പ്രഖ്യാപിച്ച 10 കോടി രൂപ വയനാട് ജില്ലാ സഹകരണ ബാങ്കിന് നൽകിയത് എന്നാണ്;

(ബി) ഈ സംഖ്യ ഏതെല്ലാം പ്രാഥമിക സഹകരണ ബാങ്കുകൾക്ക് എത്ര രൂപവെച്ചു ഇതുവരെ നൽകിയെന്നും, എന്നാണ് നൽകിയത് എന്നും വിശദമാക്കാമോ;

(സി) ഇനി ഏതെല്ലാം ബാങ്കുകൾക്കാണ് തുക നൽകാനുള്ളത്;

(ഡി) പ്രാഥമിക ബാങ്കുകൾ 2 വർഷം മുമ്പ് വായ്പക്കാരുടെ അക്കൗണ്ടുകളിൽ വരവുവെച്ച ഈ തുകക്ക് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും ജില്ലാ ബാങ്കും ഉൾപ്പെടെ അപക്സ് ബാങ്കുകൾ പലിശ ഈടാക്കുന്നതു മൂലവും മറ്റും പ്രാഥമിക ബാങ്കുകൾക്കു ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലാ ബാങ്കിന്റെ അക്കൗണ്ടിൽ പണം വന്നിട്ട് മാസങ്ങൾ പിന്നിട്ടിട്ടും പ്രൈമറി ബാങ്കിനു പണം കൈമാറാൻ വൈകിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>സഹകരണ മേഖലയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം</u>**

**5254 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സഹകരണമേഖലയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ അടുത്ത മൂന്ന് വർഷത്തിൽ റിട്ടയർ ചെയ്യുന്ന എത്ര ജീവനക്കാർക്ക് ഇതുകൊണ്ട് ഗുണം ലഭിക്കും;**

(ബി) **സഹകരണ മേഖലയിലെ പ്രാഥമിക ബാങ്കുകളിൽ ഇപ്പോൾ എത്ര ജീവനക്കാരുടെ ഒഴിവുകൾ നികത്തപ്പെടേണ്ടതായുണ്ട് വിശദമാക്കുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ**

**5255**

**ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ എവിടെയെല്ലാമാണ് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകൾ പ്രവർത്തിക്കുന്നത്;

(ബി) ശാഖകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) കാർഷിക മേഖലയായ നഗരൂർ ഗ്രാമപഞ്ചായത്തിൽ ഒരു ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>തൃശ്ശൂർ ജില്ലയിൽ സഹകരണ സംഘങ്ങൾ</u>**

**5256 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു എന്നും ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**പുന്നപ്ര സഹകരണ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട നടപടി**

5257 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സഹകരണ ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പിരിച്ചുവിടാനുണ്ടായ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) സഹകരണ നിയമങ്ങൾക്ക് വിരുദ്ധമായാണ് ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചതെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പിരിച്ചുവിടൽ സംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത ബാങ്കിന്റെ 2012 മെയ് 31 വരെയുള്ള ടെന്റേറ്റീവ് ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>നന്മ സ്റ്റോറുകൾ</u>**

**5258**

**ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **നന്മ സ്റ്റോറുകൾ എത്ര എണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്;**

(ബി) **കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(സി) **നന്മ സ്റ്റോറുകൾ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

വിലക്കയറ്റം പിടിച്ചു നിർത്താൻ കൺസ്യൂമർഫെഡ്

5259 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോഴുള്ള രൂക്ഷമായ വിലക്കയറ്റം പിടിച്ചു നിർത്താൻ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടാൻ കൺസ്യൂമർഫെഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൺസ്യൂമർഫെഡിന് കീഴിൽ പുതുതായി ആരംഭിച്ച ത്രിവേണി സ്റ്റോറുകൾ, മൊബൈൽ സൂപ്പർ മാർക്കറ്റുകൾ, ഫ്ളോട്ടിങ് യൂണിറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ വെയർഹൗസുകൾ, ശീതീകരിച്ച ഗോഡൗണുകൾ തുടങ്ങി എത്ര വീതമാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ ഈ വർഷം എത്രയെണ്ണം കൂടി പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കൺസ്യൂമർഫെഡ് വഴി ഓണം/റംസാൻ ഉത്സവകാലങ്ങളിൽ വിലക്കയറ്റം പിടിച്ചു നിർത്താൻ ന്യായവില വിൽപന കേന്ദ്രങ്ങളും ഉത്സവകാല ചന്തകളും സംസ്ഥാനത്ത് വ്യാപകമായി നടപ്പിൽ വരുത്തി വിലക്കയറ്റം പിടിച്ചു നിർത്തിയതായി ഈ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഈ വർഷം ഓണം/റംസാൻ കാലത്ത് പുതിയ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>നിത്യോപയോഗ സാധനങ്ങളുടെ വിലവര്‍ദ്ധന</u>

5260 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഴം, പച്ചക്കറി, പലവ്യഞ്ജനം മുതലായ നിത്യോപയോഗ സാധനങ്ങളുടെ അമിത വിലവര്‍ദ്ധന സാധാരണക്കാര്‍ക്ക് താങ്ങാവുന്നതിലുമപ്പുറമാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(ബി) പഴം, പച്ചക്കറി, പലവ്യഞ്ജനം മുതലായവയുടെ വിലക്കയറ്റം തടയുന്നതിനായി പൊതുമാര്‍ക്കറ്റില്‍ ഇടപെടുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) നഗരസഭകളിലെ എല്ലാ വാര്‍ഡിലും, ഗ്രാമപഞ്ചായത്തുകളിലെ പ്രധാന കവലകളിലും ഓരോ പഴം, പച്ചക്കറി, പലവ്യഞ്ജന സ്റ്റാളുകള്‍ തുടങ്ങാന്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ ; എങ്കില്‍ ഇവ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**<u>സഹകരണ വകുപ്പിൻകീഴിൽ പുതിയ മാവേലി/ സപ്ലൈകോ സ്ഥാപനങ്ങൾ</u>**

5261 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വകുപ്പിൻകീഴിൽ പുതിയ എത്ര മാവേലി/സപ്ലൈകോ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിച്ചത് ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**കുട്ടനാട്ടിൽ കൺസ്യൂമർഫെഡിന് കീഴിൽ പുതിയ ത്രിവേണി സ്റ്റോറുകൾ**

**5262 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൺസ്യൂമർഫെഡിന് കീഴിൽ പുതിയ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ആണ് ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കുട്ടനാട്ടിൽ പുതിയതായി നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>ഏറനാട് ഇടിവണ്ണയിൽ ത്രിവേണി സ്റ്റോർ</u>**

**5263**

**ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഏറനാട് നിയോജക മണ്ഡലത്തിലെ ചാലിയാർ, ഇടിവണ്ണയിൽ ത്രിവേണി സ്റ്റോർ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

5264 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ആറ്റിങ്ങൽ കേന്ദ്രമായി സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനുളള നടപടികൾ സ്വീകരിക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഖാദിക്ക് നൽകിവരുന്ന റിബേറ്റുകൾ**

**5265**

**ശ്രീ. സി. കെ. നാണു**
**,, ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഖാദി കമ്മീഷൻ ഉത്സവകാലത്ത് ഖാദിയ്ക്ക് നൽകിവരുന്ന റിബേറ്റുകൾ നിറുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പുനസ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഉണ്ടായിരുന്ന 35% റിബേറ്റ് ഉത്സവകാലത്ത് നിലനിർത്താൻ ആവശ്യമായ തുക നൽകുമോ;

(സി) ഖാദിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഖാദി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നടപടി**

**5266 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധകാരമേറ്റ ശേഷം ഖാദി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ അതുവഴി പ്രസ്തുത ഉല്പന്നങ്ങൾക്ക് സമൂഹത്തിൽ ഉണ്ടായ സ്വീകാര്യതകൾ വ്യക്തമാക്കുമോ;**

(ബി) **ഖാദി ഉല്പന്നങ്ങൾക്ക് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;**

(സി) **ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിനായി കൂടുതൽ ഔട്ട്ലെറ്റുകൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഖാദിയുടെ ഉപയോഗം വര്‍ദ്ധിപ്പിക്കുവാന്‍ നടപടി</u>

5267 **ശ്രീ. മാത്യൂ റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര ഖാദി കമ്മീഷന്‍ ഉത്സവകാലത്ത് ഖാദിക്ക് നല്‍കി വരുന്ന റിബേറ്റുകള്‍ നിര്‍ത്തലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ അവ പുനസ്ഥാപിക്കുവാന്‍ കേന്ദ്ര ഗവണ്‍മെന്റില്‍ സമ്മര്‍ദ്ദം ചെലുത്താന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവില്‍ ഉണ്ടായിരുന്ന 35% റിബേറ്റ് ഉത്സവകാലത്ത് നിലനിര്‍ത്താന്‍ ആവശ്യമായ തുക നല്‍കാന്‍ നടപടി സ്വീകരിക്കുമോ ;

(സി) ഖാദിയുടെ ഉപയോഗം വര്‍ദ്ധിപ്പിക്കുവാന്‍ ആവശ്യമായ എന്തെല്ലാം നടപടികളാണ് സര്‍ക്കാര്‍ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഖാദി ഗ്രാമവ്യവസായ മേഖലയുടെ കരുതല്‍ പ്രവര്‍ത്തനങ്ങള്‍**

5268

ശ്രീ. ആര്‍. സെല്‍വരാജ്
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലത്ത് ഖാദി ഗ്രാമവ്യവസായ മേഖലയ്ക്ക് കരുതലും കരുത്തുമായി എന്തെല്ലാം പ്രവര്‍ത്തനങ്ങള്‍ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള തൊഴിലാളികള്‍ക്കാണ് കുറഞ്ഞ വേതനം കൊടുത്തു തീര്‍ത്തിട്ടുള്ളത്;

(സി) എന്നുമുതല്‍ക്കുള്ള തുകയാണ് നല്‍കിയത്; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) എത്ര തൊഴിലാളികള്‍ക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത് ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

ഖാദിഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ

5269 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലയിലെ കുളത്തൂർ ഖാദി വ്യവസായ യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഖാദി യൂണിറ്റുകൾ ഈ വർഷം യന്ത്രവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം ഏതൊക്കെ;

(ഡി) സംസ്ഥാനത്തെ ഖാദി ഗ്രാമവ്യവസായ മേഖല വൈവിധ്യവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഖാദി തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ആവശ്യമായ തുണിത്തരങ്ങൾ ഏറ്റെടുക്കുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

<u>ഖാദി വ്യവസായ മേഖലയിലെ തൊഴിൽദായക പദ്ധതി</u>

5270 ശ്രീ. ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഖാദി വ്യവസായ മേഖലയിലെ തൊഴിൽദായക പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ ;

(ബി) ഗ്രാമവ്യവസായ യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഈ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റായി നൽകുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എന്തു തുക നൽകുകയുണ്ടായി; വിശദമാക്കുമോ ?

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**ഖാദി വസ്ത്രധാരണം സംബന്ധിച്ച ഉത്തരവ്**

5271 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സർക്കാർ ജീവനക്കാർ ആഴ്ചയിലൊരിക്കലെങ്കിലും ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നതുമായി ബന്ധപ്പെട്ട എത്ര ഉത്തരവുകളാണ് പുറപ്പെടുവിച്ചിരിക്കുന്നത്; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?**

## കേരള നിയമസഭ
## 05.07.2012 -ലെ മറുപടിക്ക്

**മയ്യിൽ ഗ്രാമപഞ്ചായത്തിലെ ധാന്യമില്ല്**

5272 **ശ്രീ. ജെയിംസ് മാത്യൂ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മയ്യിൽ ഗ്രാമപഞ്ചായത്തിലെ നണിയൂർ നമ്പ്രത്ത് ജനവാസകേന്ദ്രത്തിൽ ധാന്യമില്ല് പ്രവർത്തിപ്പിക്കാൻ അനുവാദം നല്കിയിട്ടുണ്ടോ ;

(ബി) ഇതിന് ഗ്രാമപഞ്ചായത്ത് പ്രവർത്തനാനുമതി നല്കിയിട്ടില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) ഇവിടെ തുടങ്ങാനുദ്ദേശിക്കുന്ന ധാന്യമില്ലിനെതിരെ പരിസരവാസികൾ അധികാരികൾക്കെല്ലാം പരാതി നല്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജനങ്ങളാകെ എതിർക്കുന്ന മലിനീകരണകാരിയാവുന്ന മില്ലിന് എന്തുകൊണ്ടാണ് അനുവാദം ലഭ്യമാക്കിയതെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 05.07.2012 -ലെ മറുപടിക്ക്

## ഇലക്ട്രോണിക്സ് മാലിന്യനിർമ്മാർജ്ജനം

5273 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും **മലിനീകരണ നിയന്ത്രണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1986 ലെ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റിൻപ്രകാരം ഇലക്ട്രോണിക്സ് മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളും കൈക്കൊള്ളേണ്ട നടപടികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വ്യക്തികളും സ്ഥാപനങ്ങളും ഉപയോഗിച്ച് പുറംതള്ളുന്ന ഇലക്ട്രോണിക്സ് മാലിന്യങ്ങൾ നശിപ്പിക്കുന്നതിനോ റീസൈക്കിൾ ചെയ്യുന്നതിനോ സംസ്ഥാനത്ത് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) ഇലക്ട്രോണിക്സ് മാലിന്യങ്ങളിൽ പലതും അശ്രദ്ധമായും അറിവില്ലാതെയും കൈകാര്യം ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ഈ മേഖലയിലെ തൊഴിലാളികളെ ബോധവൽക്കരിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) വീടുകളിലും സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് മാലിന്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവ ശാശ്വതമായി നിർമ്മാർജ്ജനം ചെയ്യുവാൻ സ്ഥായിയായ എന്ത് പരിപാടിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**05.07.2012 -ലെ മറുപടിക്ക്**

**<u>പുഴകളും നദികളും മലിനമാകുന്നത് തടയാൻ നടപടി</u>**

**5274 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുഴകളും നദികളും മലിനമാകുന്നത് തടയാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പുഴകളിലെ വെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ ;

(സി) എങ്കിൽ അവ വിശദമാക്കാമോ ;

(ഡി) പുഴകളിലെ വെള്ളം മലിനമാകുന്നത്മൂലം മത്സ്യങ്ങൾ ചത്ത് പൊങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇവ ശുദ്ധമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ?